പത്രക്കുറിപ്പ്
22/10/2020

## 'അതിജീവനം കേരളീയം' കുടുംബശ്രീ ഇന്റേൺഷിപ്പ് പ്രോഗ്രാമിന് ഇന്ന് മുതൽ അപേക്ഷിക്കാം

തിരുവനന്തപുരം: സർക്കാരിന്റെ 100 ദിന പരിപാടികളുടെ ഭാഗമായി 50,000 പേർക്ക് വിവിധ പദ്ധതികൾ വഴി തൊഴിൽ നൽകുന്ന പ്രവർത്തനങ്ങൾക്കായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സിഡിഎസ് തലത്തിൽ സംഘടിപ്പിക്കുന്ന ക്യാമ്പെയ്നാണ് 'അതിജീവനം കേരളീയം'. ഈ ക്യാമ്പെയ്ന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതും സമയ ബന്ധിതമായി പൂർത്തിയാക്കുന്നതും ലക്ഷ്യമിട്ട് കുടുംബശ്രീ നടത്തുന്ന 'അതിജീവനം കേരളീയം' ദ്വൈമാസ ഇന്റേൺഷിപ്പ് പ്രോഗ്രാമിന് അപേക്ഷിക്കാൻ യുവതീയുവാക്കൾക്ക് അവസരം. ഇന്ന് (2020 ഒക്ടോബർ 23) മുതൽ നവംബർ 5 വരെ അവർ താമസിക്കുന്ന തദ്ദേശ സ്ഥാപനതലത്തിലുള്ള സിഡിഎസുകളിലാണ് അപേക്ഷ നൽകേണ്ടത്. ആ സിഡിഎസിനോട് ചേർന്ന് നിന്നുകൊണ്ട് ക്യാമ്പെയ്ന്റെ ഭാഗമായി ഉപജീവന പദ്ധതികൾ കണ്ടെത്താനും അത് മികവിലേക്കെത്തിക്കാനുമുള്ള അവസരമാണ് ഈ ഇന്റേൺഷിപ്പിലൂടെ ലഭിക്കുക.

ബിരുദമാണ് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത. വനിതകൾക്ക് മുൻഗണനയുണ്ടാകും. 20 വയസ്സ് തികഞ്ഞവർക്കും 30 വയസ്സിൽ അധികരിക്കാത്തവർക്കും അപേക്ഷിക്കാം. അവരവർ താമസിക്കുന്ന തദ്ദേശ സ്ഥാപനത്തിൽ മാത്രമാണ് ഇന്റേൺഷിപ്പ് ചെയ്യാൻ കഴിയുക. ഇന്റേൺഷിപ്പിന് അപേക്ഷിക്കാനുള്ള ഫോമും മാർഗ്ഗനിർദ്ദേശങ്ങളും കുടുംബശ്രീയുടെ ഔദ്യോഗിക വെബ്സൈറ്റിലെ https://www.kudumbashree.org/pages/476 എന്ന ലിങ്കിൽ ലഭിക്കും. സേവനമനോഭാവത്തോടെ പ്രതിഫലേച്ഛയില്ലാതെ പ്രവർത്തിക്കുന്നവർക്ക് ഇന്റേൺഷിപ്പിന്റെ ഭാഗമാകാം. പ്രോഗ്രാമിന്റെ ഭാഗമാകുന്നവർക്ക് കുടുംബശ്രീയിൽ നിന്നും വേതനം, ഹോണറേറിയം, യാത്രാബത്ത, മറ്റാനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നതല്ല.

എല്ലാ സിഡിഎസുകളിലും ലഭിച്ച അപേക്ഷകളുടെ സൂക്ഷ്മ പരിശോധന 2020 നവംബർ 6ന് നടത്തി അന്ന് തന്നെ ഇന്റേണിനെ തെരഞ്ഞെടുക്കും. തെരഞ്ഞെടുത്തവർക്ക് നവംബർ 7 മുതൽ ജനുവരി 7 വരെ പ്രസ്തുത സിഡിഎസിൽ ഈ ഇന്റേൺഷിപ്പ് ചെയ്യാനാകും. ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്നവർക്ക് ഇന്റേൺഷിപ്പ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും നൽകുന്നതായിരിക്കും. 'അതിജീവനം കേരളീയം' എന്ന പ്രത്യേക ക്യാമ്പെയ്ൻ വഴി സ്വയം തൊഴിലിന്/വേതനാധിഷ്ഠിത തൊഴിലിന് അർഹരായവരും താത്പര്യമുള്ളവരുമായ ഗുണഭോക്താക്കളെ കണ്ടെത്തുകയും പൊതുഅവബോധ പരിശീലനവും നൈപുണ്യ പരിശീലനവും ഉൾപ്പെടെ വിവിധ പിന്തുണകൾ നൽകി അവർക്ക് വരുമാനമാർഗ്ഗം തുറന്നുകൊടുക്കാനുമാണ് കുടുംബശ്രീ ശ്രമിക്കുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ.